2. പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങൾ ലംഘിക്കപ്പെടുകയോ ഏതെങ്കിലും ഫണ്ടുകളുടെ ദുരുപയോഗമോ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാതല പരാതി പരിഹാര ഓഫീസർക്ക് രേഖാമൂലം അറിയിപ്പ് നൽകുക. കൂടാതെ സംസ്ഥാനത്തെ പൊതുവിപണിയിലെ വിലക്കയറ്റം, റേഷൻ കടകൾ, ഗ്യാസ് ഏജൻസികൾ, സപ്ലൈകോ ഔട്ടലെറ്റുകളിലെയും ഹോട്ടലുകളിലെയും വിലനിലവാരം, കോവിഡ്- 19 നിയന്ത്രണത്തിനാവശ്യമായ മാസ്ക്, സാനിട്ടൈസർ, പി.പി.ഇ. കിറ്റ് എന്നിവ സംബന്ധിച്ച പരാതികൾ സ്വീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ സിറ്റി റേഷനിംഗ് ഓഫീസ്

306 (3334) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സർക്കാർ പരിശോധിച്ചുവരികയാണ്.

മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ്

307(3335)ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്കാലത്ത് വിതരണം ചെയ്തുവരുന്ന സൗജന്യ ഭക്ഷ്യ കിറ്റുകൾ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും നൽകിയിട്ടുണ്ടോ?

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നുണ്ട്. ഇത് കൂടാതെ ഫിഷറീസ് വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള എല്ലാ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്കും കോവിഡ് കാലത്തെ സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം കോവിഡ് ആദ്യഘട്ട വ്യാപനത്തിന്റെ (2020) പശ്ചാത്തലത്തിൽ 78,910 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെട്ട തീരദേശ മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

10,573 കുടുംബങ്ങൾക്കും രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ (2021) 1,12,000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഇതുവരെ ഭക്ഷ്യക്കിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ 57,833 ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ നടന്നുവരുന്നു.

(ബി) ചില കുടുംബങ്ങൾക്ക് ഇത് ലഭിക്കാതെ വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യകിറ്റ് വിതരണം നടന്നുവരുന്നത്.

(സി) ഈ ആനുകൂല്യം റേഷൻ കാർഡിനെ അടിസ്ഥാനമാക്കിയാണോ നൽകിവരുന്നത്; അല്ലെങ്കിൽ ഏതടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ കിറ്റുകൾ വിതരണം ചെയ്തുവരുന്നത്.

(ഡി) ഒരു വീട്ടിൽ തന്നെ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കാതെ പോകുന്നതിന് പരിഹാരം കാണുമോ; വിശദമാക്കാമോ?

ഒന്നിലധികം കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുകയും പ്രത്യേകം റേഷൻ കാർഡ് ഉള്ളതുമായ എല്ലാ കുടുംബങ്ങൾക്കും ഫിഷറീസ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കിറ്റ് നൽകി വരുന്നുണ്ട്.

അടിച്ചിപ്പുഴ ആദിവാസി കോളനിയിലെ റേഷൻ വിതരണം

308 (3336) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളില്ലാത്ത പട്ടികവർഗ്ഗ മേഖലയായ അടിച്ചിപ്പുഴ ആദിവാസി കോളനിയിൽ റേഷൻ വിതരണം നടത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആദിവാസി ഊരുകളിലെ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി ആദിവാസി കുടുംബങ്ങൾ ഉൾപ്പെടുന്ന മേഖലകളെ ബന്ധിപ്പിച്ച് മാസത്തിൽ 2 തവണ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' റാന്നി താലൂക്കിലെ അടിച്ചിപ്പുഴയിൽ 19-7-2021-ൽ ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി.